# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6067 — 7.7.2014-ൽ മറുപടിക്ക്.

### ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയ സംവിധാനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. യു. കുരുവിള<br>,, മോൻസ് ജോസഫ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| എ) | ഗ്രാമ – നഗര പ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ഏർപ്പെടുത്തിവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | എ) | ഗ്രാമ-നഗര പ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകി വരുന്നു. കൂടാതെ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കി നൽകുന്ന പദ്ധതികൾക്കും സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു. |
| ബി) | ഏതൊക്കെ ഏജൻസികളാണ് ഇത്തരം ഖരമാലിന്യനിർമ്മാർജ്ജനത്തിന് അപേക്ഷകരായി ഉള്ളത് ; | ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന പദ്ധതികൾക്ക് അനുമതി നൽകി കഴിഞ്ഞാൽ ആയത് നിർവ്വഹണം നടത്തേണ്ട ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. സർക്കാർ അംഗീകൃത സേവനദാതാക്കൾ/അക്രഡിറ്റഡ് ഏജൻസി മുഖേന വേണം ഖരമാലിന്യ പദ്ധതികൾ നിർവ്വഹണം നടത്തേണ്ടത് എന്ന് അനുശാസിക്കുന്നുണ്ട്. |
| സി) | പരമാവധി കമ്പനികൾക്ക് ഖരമാലിന്യനിർമ്മാർജ്ജനത്തിന് അനുമതി നൽകാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് ; | സി) | നിലവിൽ സർക്കാർ അംഗീകൃത സേവന ദാതാക്കളായി 125 സ്ഥാപനങ്ങളും അക്രഡിറ്റഡ് ഏജൻസിയായി 3 സ്ഥാപനങ്ങളും മുഖേനയാണ് ഖരമാലിന്യ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹണം നടത്തി വരുന്നത്. ഇവ അപര്യാപ്തമാണെന്ന് കണ്ടതിനാൽ കൂടുതൽ സ്ഥാപനങ്ങളെ ഈ മേഖലയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | ഖരമാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ അനാസ്ഥ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ഡി) | മറ്റ് മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തുന്ന ശുഷ്ക്കാന്തിയോടെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നിർവ്വഹണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താൽപര്യം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവ ഒരു |

പരിധി വരെ പരിഹരിക്കുന്നതിലേയ്ക്കായി ടി പദ്ധതിയുടെ നിർവ്വഹണത്തിലേയ്ക്ക് സമയബന്ധിത അവലോകനം നടത്തുന്ന തിന് തീരുമാനമെടുത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ഇ) | ഖരമാലിന്യ നിർമ്മാർജ്ജനത്തിന് യോഗ്യതയുള്ളവരെ നിശ്ചയിച്ചതിനു ശേഷം പൊതുമേഖലാസ്ഥാപനങ്ങൾ മാത്രം മതി എന്ന് നിർദ്ദേശം വന്നിട്ടുണ്ടോ; എങ്കിൽ യോഗ്യതയുള്ള പൊതുമേഖലാ സ്ഥാപന ങ്ങൾ ഏതൊക്കെയാണ് ; | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എഫ്) | പ്രസ്തുത നിർദ്ദേശം മൂലം പദ്ധതികൾ നടപ്പാക്കുന്നതിൽ വന്ന കാലതാമസം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | എഫ്) | ബാധകമല്ല. |
| ജി) | എല്ലാ ഗ്രാമ- നഗര കേന്ദ്രങ്ങളിലും ഖരമാലിന്യ നിർമ്മാർജ്ജനത്തിന് നിശ്ചിത യോഗ്യതയുള്ള പരമാവധി കമ്പനികളെ പങ്കെടുപ്പിച്ച് ശാസ്ത്രീയമായ സംവിധാന ങ്ങൾ അടിയന്തിരമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | ജി) | ഖരമാലിന്യ സംസ്ക്കരണ പദ്ധതികൾ നിർവ്വഹണം നടത്തുന്നതിലേയ്ക്ക് നിലവി ലുള്ള ഏജൻസികളിൽ പോരായ്മ ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ കൂടുതൽ ഏജൻസികളെ ടി മേഖലയിലേയ്ക്ക് തെരഞ്ഞെടുത്ത് വിജ്ഞാപനം ചെയ്യുന്ന തിന് നടപടി എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ